# പ്രാർഥനയുടെയും പ്രവർത്തനത്തിന്റെയും സന്ദർഭം

**കേരളം** ഇരട്ട ദുരിതത്തിലകപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് പടർന്നുപിടിച്ച പകർച്ചപ്പനി ഇനിയും നിയന്ത്രണവിധേയമായിട്ടില്ല. നിരവധി പേർ ഇപ്പോഴും ആശുപത്രികളിൽ അഭയം തേടിക്കൊണ്ടിരിക്കുകയാണ്. സർക്കാർ കണക്കുപ്രകാരം ഇരുനൂറോളം പേർ മരണപ്പെട്ടു. നാനൂറോളം പേർ മരിച്ചുവെന്നാണ് പ്രതിപക്ഷത്തിന്റെ കണക്ക്. ഇതിനിടയിലാണ് പ്രളയത്തിന്റെ വരവ്. കാലവർഷാരംഭത്തിൽതന്നെ അതിവൃഷ്ടി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ദുരിതം വിതച്ചു. കർക്കിടകം പിറന്നപ്പോൾ അത് കൂടുതൽ രൂക്ഷമായി; മലബാർ മേഖലയിൽ വിശേഷിച്ചും. മിക്കനദികളും കരകവിഞ്ഞൊഴുകി. അണക്കെട്ടുകൾ പലതും തുറന്നുവിടേണ്ടിവന്നു. പരക്കെ ഉരുൾപൊട്ടൽ. കൃഷികൾ നശിച്ചു. ഇതെഴുതുമ്പോൾ, 1500 വീടുകൾ പൂർണമായും 28,000 വീടുകൾ ഭാഗികമായും തകർന്നുവെന്നാണ് സർക്കാർ കണക്ക്. 141 പേർ മരണപ്പെട്ടു. നിരവധി പേരെ കാണാതായിട്ടുമുണ്ട്. 20000-ത്തോളം പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിച്ചിരിക്കുന്നു. വൈദ്യുതി, വാർത്താ വിതരണം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊക്കെ താറുമാറായിരിക്കുകയാണ്. മൊത്തം 1400 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് സർക്കാർ കണക്കാക്കുന്നത്. മഴ തെല്ലൊന്ന് ശമിക്കുകയും ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ആപത്തകന്നുവെന്ന് ആശ്വസിക്കാറായിട്ടില്ല.

ആകസ്മികമായുണ്ടാകുന്ന അത്യാഹിതങ്ങളെ നേരിടുന്നതിൽ സർക്കാറിന്റെ മെഷിനറികൾക്ക് -അതെത്ര കാര്യക്ഷമമായി പ്രവർത്തിച്ചാലും- പരിമിതികളേറെയുണ്ട്. പകർച്ചപ്പനിയെ നേരിടാൻ കേരള ഗവൺമെന്റ് പട്ടാളത്തെ വിളിച്ചിരുന്നു. പ്രളയം രൂക്ഷമായപ്പോൾ റാപ്പിഡ് ആക്ഷൻ ഫോഴ്സ്, നാവികസേന തുടങ്ങിയവയുടെ സഹായവും തേടി. ഇതിനുപുറമെ, ദുരിതാശ്വാസപ്രവർത്തനത്തിൽ സർക്കാറിനെ സഹായിക്കാൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കേരള ജനതയെ ആഹ്വാനം ചെയ്തിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ആഹ്വാനം ജനങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ ആഹ്വാനത്തിനുമുമ്പ് തന്നെ ദുരിതബാധിത പ്രദേശങ്ങളിൽ ജാതിമതഭേദമന്യേ ധാരാളമാളുകൾ സേവനരംഗത്തിറങ്ങിയിരുന്നുവെന്നത് ആശ്വാസദായകമായ വസ്തുതയാണ്. അത്യാഹിതങ്ങൾക്കുമുമ്പിൽ ജനങ്ങൾ ജാതിമതഭേദം മറക്കുന്നതുപോലെ പാർട്ടിഭേദവും മറന്ന് ഒന്നിച്ചു നിൽക്കേണ്ടതുണ്ട്. പ്രസ്താവനായുദ്ധങ്ങളോ ആരോപണ പ്രത്യാരോപണങ്ങളോ, പനിച്ചുതുള്ളുന്ന പാവങ്ങൾക്കും ഇരച്ചെത്തുന്ന പ്രളയം കണ്ട് പരിഭ്രാന്തരാകുന്ന നിസ്സഹായർക്കും ഒരുപകാരവും ചെയ്യുകയില്ല.

ഈ സാഹചര്യത്തിൽ സന്ദർഭത്തിന്റെ ഗൗരവമുൾക്കൊണ്ട് സേവനരംഗത്തിറങ്ങാൻ ആഹ്വാനം ചെയ്തിരിക്കുകയാണ് ജമാഅത്തെ ഇസ്ലാമി നേതൃത്വം അതിന്റെ പ്രവർത്തകരോടും അനുഭാവികളോടും. രോഗികളെ ആശുപത്രികളിലെത്തിക്കുക, വീടുകളിൽ ശുശ്രൂഷ ആവശ്യമായവർക്ക് അതു നൽകുക, പാർപ്പിടങ്ങൾ നഷ്ടപ്പെട്ട പ്രളയബാധിതർക്ക് താമസത്തിനും ഭക്ഷണത്തിനും സൗകര്യമേർപ്പെടുത്തുക, മരണപ്പെട്ടവരുടെ കുടുംബങ്ങളെ സമാശ്വസിപ്പിക്കുക, ഗതാഗത തടസ്സങ്ങൾ നീക്കുക, വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുക. ഇങ്ങനെ ഒട്ടനേകം അടിയന്തര പ്രശ്നങ്ങൾ പ്രവർത്തകരുടെ സജീവമായ സേവനവും സഹകരണവും ആവശ്യപ്പെടുന്നുണ്ട്.

ആകസ്മിക ദുരന്തങ്ങൾ ഇസ്ലാമിക പ്രവർത്തകരിൽ ഗുരുതരമായ രണ്ട് ദൗത്യങ്ങൾ ചുമത്തുന്നുണ്ട്. അതിലൊന്ന് അല്ലാഹുവിനെ ഓർക്കാനും ഓർമിക്കാനുമുള്ള ദൃഷ്ടാന്തങ്ങളായി ദുരിതങ്ങളെ കാണുക എന്നതാണ്. സൗഭാഗ്യങ്ങളെന്നപോലെ ദൗർഭാഗ്യങ്ങളും അല്ലാഹുവിന്റെ പരീക്ഷണങ്ങളാണ്. അവൻ പറഞ്ഞു: "നാം പ്രവാചകനെ നിയോഗിച്ച ഏതു നാട്ടിലും അതിലെ നിവാസികളെ ദുരിതത്തിലും പ്രതിസന്ധികളിലും അകപ്പെടുത്താതിരുന്നിട്ടില്ല; അവർ നമ്മോട് വണക്കമുള്ളവരാകാൻ" (*ഖുർആൻ* 7:94). പൂർവകാല ദുരന്തങ്ങളുടെ അടിസ്ഥാനം ഇതുതന്നെയാണെന്ന് 6:43-ൽ പറയുന്നുണ്ട്. ദുരിതങ്ങൾ ബാധിക്കുമ്പോൾ ജനങ്ങൾ ദൈവത്തോട് വണക്കമുള്ളവരാവാത്തത് എന്തുകൊണ്ട് എന്ന് തുടർന്ന് ചോദിക്കുകയും ചെയ്യുന്നു. അല്ലാഹുവിനോട് അല്ലെങ്കിൽ അവൻ സൃഷ്ടിച്ച പ്രകൃതിയോട്, നിശ്ചയിച്ച ധർമത്തോട് മനുഷ്യൻ കാണിക്കുന്ന ധിക്കാരത്തിന്റെ അനിവാര്യഫലമായിട്ടാണ് പലപ്പോഴും മഹാദുരന്തങ്ങളുളവാകുന്നത്. ആപത്തുകൾ അല്ലാഹുവിന്റെ പരീക്ഷണങ്ങളാണെന്ന, ഖുർആന്റെ ആവർത്തിച്ചുള്ള ഉദ്ബോധനത്തെ അർഹിക്കുന്ന ഗൗരവത്തോടെ അധികമാരും കണക്കിലെടുക്കാറില്ല. അത്യാഹിതങ്ങളുടെ ഭൗതിക കാരണങ്ങളിൽ പരിമിതമാണ് എല്ലാ അന്വേഷണങ്ങളും. ആത്മീയവും ധാർമികവുമായ വല്ല കാരണങ്ങളുമുണ്ടോ എന്ന് ചിന്തിക്കാൻ ആർക്കും സമയമില്ല. കൂടുതൽ ഭയാനകമായ അത്യാഹിതങ്ങളെ ക്ഷണിച്ചുവരുത്തുന്ന ഈ നിലപാട് തിരുത്താനും ദുരന്തങ്ങളുടെ ആത്മീയവും ധാർമികവുമായ അർഥ തലങ്ങളിലേക്ക് ജനശ്രദ്ധ ക്ഷണിക്കാനും ഈ സന്ദർഭം ഉപയോഗപ്പെടുത്തേണ്ടത് ഇസ്ലാമിക പ്രവർത്തകരുടെ ബാധ്യതയാണ്. മനുഷ്യന്റെ ഏറ്റവും ശക്തമായ അവലംബം അല്ലാഹുവാണ്. ദുരിതങ്ങളകറ്റിത്തരാൻ അവനോട് ആത്മാർഥമായി പ്രാർഥിക്കുക. ഏതാപത്തിലും അവന്റെ കാരുണ്യമാണ് മനുഷ്യന്റെ താങ്ങും തണലും.

താൻപാതി, ദൈവംപാതി എന്നുണ്ടല്ലോ. പ്രവർത്തനത്തിന്റെ അകമ്പടിയുണ്ടെങ്കിലേ പ്രാർഥന സഫലമാകൂ. ഈ പ്രവർത്തനം തന്നെയാണ് ദുരന്തങ്ങൾ ഇസ്ലാമികപ്രവർത്തകരിൽ ചുമത്തുന്ന രണ്ടാമത്തെ ദൗത്യം. ഇസ്ലാമിന്റെ ദൃഷ്ടിയിൽ ജനസേവനം ദൈവാരാധന തന്നെയാണ്. അടിച്ചമർത്തപ്പെട്ടവരുടെയും ദുരിതഭാരം പേറുന്നവരുടെയും വിമോചനത്തെ പ്രവാചകനിയോഗത്തിന്റെ ലക്ഷ്യമായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. സകാത്ത് പോലുള്ള നിർബന്ധ ആരാധനാ കർമങ്ങളിൽ ഈ ലക്ഷ്യം തുടിക്കുന്നുണ്ട്. അഗതികളുടെയും അനാഥരുടെയും ജീവിതാവശ്യങ്ങൾ നിവർത്തിക്കാൻ പ്രവർത്തിക്കാത്തവരും പരോപകാരങ്ങൾ വിലക്കുന്നവരും മതനിഷേധികളാണെന്നും ഖുർആൻ പറയുന്നു (107: 1-7). പ്രവാചകൻ(സ) ഉണർത്തിയതായി ഇമാം മുസ്ലിം ഉദ്ധരിക്കുന്നു: "വിചാരണാനാളിൽ അല്ലാഹു മനുഷ്യനോടു ചോദിക്കും: 'ഓ, മനുഷ്യാ, ഞാൻ രോഗിയായപ്പോൾ നീ ഒന്നു സന്ദർശിക്കുക പോലും ചെയ്തില്ലല്ലോ. മനുഷ്യൻ പറയും: 'പ്രപഞ്ചവിധാതാവായ നീ രോഗിയാകുന്നതെങ്ങനെ?' ഞാൻ നിന്നെ സന്ദർശിക്കുന്നതെങ്ങനെ?' അല്ലാഹു പറയും: 'എന്റെ ഇന്ന ദാസൻ രോഗിയായി കിടന്നത് നീ അറിഞ്ഞിരുന്നു. നീ അയാളെ ശുശ്രൂഷിക്കാൻ പോയില്ല. നീ ആ രോഗിയെ സന്ദർശിച്ചിരുന്നെങ്കിൽ നിനക്കവിടെ എന്നെ കാണാമായിരുന്നു.' വീണ്ടും അല്ലാഹു ചോദിക്കുന്നു: 'ഞാൻ അന്നം ചോദിച്ചപ്പോഴും നീ തന്നില്ലല്ലോ?' മനുഷ്യന്റെ മറുപടി: 'പ്രപഞ്ചനാഥാ! നിനക്കെങ്ങനെ വിശക്കും? ഞാൻ നിനക്കെങ്ങനെ അന്നം തരും?' അല്ലാഹു ചോദിച്ചു: എന്റെ ദാസൻ നിന്നോട് അന്നം ചോദിച്ചിട്ട് നീ കൊടുത്തുവോ? കൊടുത്തിരുന്നുവെങ്കിൽ അതിന്റെ ഫലം ഇവിടെ കാണുമായിരുന്നില്ലേ.........."

ദുരിതമനുഭവിക്കുന്നവർ നമ്മെ വിളിക്കുന്നത് ദൈവത്തിന്റെ സന്നിധിയിലേക്കാണ്. അവരുടെ ക്ഷേമവും സംതൃപ്തിയും മറ്റുള്ളവർക്ക് ദൈവപ്രീതിയിലേക്കുള്ള മാർഗമാണ്. ആർത്തരുടെയും ആലംബഹീനരുടെയും സാമീപ്യം കൊണ്ട് അശുദ്ധമാകുന്നതല്ല അല്ലാഹുവിന്റെ സന്നിധാനം. അവർക്കിടയിലാണ് അല്ലാഹുവുള്ളത്. അല്ലാഹുവിനെ തേടുന്നവർ അവരെ സേവിച്ചേ മതിയാകൂ. ■